# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2366** 19/07/2016-ൽ മറുപടിയ്ക്ക്

### ആധുനിക അറവുശാലകൾ

| ചോദ്യം<br><br>ശ്രീ.വി.റ്റി.ബൽറാം<br>എ.പി. അനിൽ കുമാർ<br>ഷാഫി പറമ്പിൽ<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | ആധുനിക അറവുശാല നിർമ്മാണ പദ്ധതികൾക്ക് സങ്കേതിക അനുമതി നൽകുന്നതിന് ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആധുനിക അറവുശാലകൾക്ക് പ്രധാനമായും രണ്ട് തരം ഡിസൈനാണ് ശുചിത്വ മിഷൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്. 5-10 വലിയ മൃഗങ്ങളെയും 20 ചെറിയ മൃഗങ്ങളെയും കശാപ്പുചെയ്യുന്നതിനുള്ള . ടൈനി ടൈപ്പ് 20 വലിയ മൃഗങ്ങളെയും 40 ചെറിയ മൃഗങ്ങളെയും കശാപ്പ് കശാപ്പുചെയ്യുന്നതിനുള്ള മിനി ടൈപ്പ് എന്നിവയാണ് അവ. ടൈനി ടൈപ്പിന് ചുരുങ്ങിയത് 50 സെന്റ് ,സ്ഥലവും മിനി ടൈപ്പിന് കുറഞ്ഞത് ഒരേക്കർ സ്ഥലവും ഉണ്ടായിരിക്കണം. റോഡ്, ജലം, വൈദ്യുതി, ദ്രവ മാലിന്യ സൗകര്യവും ഉണ്ടായിരിക്കണം. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ആധുനിക അറവുശാലകൾ പ്രോത്സാഹിക്കുന്നതിലൂടെ ചുവടെ പറയുന്ന കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്.<br>1.) അനധികൃത അറവു ഒഴിവാക്കുക.<br>2.) ആധുനിക അറവുശാലയിൽ ശാസ്ത്രീയമായി കശാപ്പ് നടത്തി ഉയർന്ന ഗുണനിലവാരത്തിൽ മാംസം ലഭ്യമാക്കുക.<br>3.) അറവുമാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുക.<br>4.) അറവുമാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് ഒഴിവാക്കി പൊതു ജനാരോഗ്യം പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുക. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാം ; വിശദീകരിക്കുമോ? | | ആധുനിക അറവുശാല ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതികാനുമതിയും പഞ്ചായത്ത് വകുപ്പിൽ നിന്നും സാമ്പത്തിക സഹായവും നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | അറവുശാല നിർമ്മിക്കുന്നതിനുള്ള ധനസഹായമായി 40 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി 500 ലക്ഷം രൂപ 2016-17 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**